വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

# വാർത്താക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2328158
MOBILE : 8281000127

www.sec.kerala.gov.in

Email:
pro2025sec@gmail.com
cru.sec@kerala.gov.in
electionker@gmail.com

10 January 2026

## മൂന്ന് വാർഡുകളിൽ പ്രത്യേക തിരഞ്ഞെടുപ്പ് നാളെ (ജനുവരി 12)

സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള വോട്ടെടുപ്പ് നാളെ (ജനുവരി 12 തിങ്കൾ) നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. വോട്ടെടുപ്പ് രാവിലെ 7 മണി മുതൽ വൈകട്ട് 6 വരെയാണ്.

തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡ്, മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിമ്പാടം വാർഡ്, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ വാർഡ് എന്നിവിടങ്ങളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്നത്.

വിഴിഞ്ഞം വാർഡിൽ ആകെ 10 പോളിങ് സ്റ്റേഷനുകളും, പായിമ്പാടം, ഓണക്കൂർ വാർഡുകളിൽ ഒന്നു വീതം പോളിങ് സ്റ്റേഷനുകളുമാണുള്ളത്. വിഴിഞ്ഞത്ത് ആകെ 13307 (6577 പുരുഷൻമാർ, 6729 സ്ത്രീകൾ, ഒരു ട്രാൻസ്ജെൻഡർ) വോട്ടർമാരാണുള്ളത്. പായിമ്പാടം വാർഡിൽ 462 പുരുഷൻമാരും 488 സ്ത്രീകളും ഉൾപ്പെടെ ആകെ 950 വോട്ടർമാരും, ഓണക്കൂർ വാർഡിൽ 601 പുരുഷൻമാരും 582 സ്ത്രീകളും ഉൾപ്പെടെ 1183 വോട്ടർമാരുമാണുള്ളത്. വിഴിഞ്ഞം വാർഡിൽ ആകെ 9 ഉം, പായിമ്പാടത്തും ഓണക്കൂറും 4 വീതം സ്ഥാനാർത്ഥികളുമാണ് മത്സരിക്കുന്നത്.

വോട്ടെണ്ണൽ അതത് വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ജനുവരി 13 ന് (ചൊവ്വ) രാവിലെ 10 ന് നടക്കും. സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് 2026 ഫെബ്രുവരി 12 നകം അതത് തദ്ദേശസ്ഥാപനസെക്രട്ടറിമാർക്ക് സമർപ്പിക്കണം.

(എസ്.ഇ.സി 02 / 2026)

## തദ്ദേശപൊതുതിരഞ്ഞെടുപ്പ് : ജനുവരി 12 നകം ചെലവ് കണക്ക് സമർപ്പിക്കാത്തവർ അയോഗ്യരാകും

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ ജനുവരി 12 (തിങ്കൾ) നകം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കാത്തവരെ അംഗമായി തുടരുന്നതിനും തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അയോഗ്യരാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. കമ്മീഷന്റെ ഉത്തരവ് തീയതി മുതൽ 5 വർഷത്തേക്കായിരിക്കും അയോഗ്യത വരിക.

https://www.sec.kerala.gov.in/login എന്ന ലിങ്കിൽ കാൻഡിഡേറ്റ് രജിസ്ട്രേഷനിൽ ലോഗിൻ ചെയ്ത് ഓൺലൈനായി വേണം കണക്ക് സമർപ്പിക്കാൻ. ചെലവ് കണക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, വിശദമായ വീഡിയോ ട്യൂട്ടോറിയലും ലിങ്കിൽ ലഭ്യമാണ്. തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതത് തദ്ദേശസ്ഥാപനസെക്രട്ടറിമാർക്ക് നേരിട്ടും നൽകാം. നിശ്ചിത ഫാറത്തിൽ നൽകുന്ന ചെലവ് കണക്കിനൊപ്പം വൗച്ചറുകളുടെയും ബില്ലുകളുടെയും പകർപ്പുകളും നൽകണം.

2025 ലെ പൊതുതിരഞ്ഞെടുപ്പിൽ ആകെ 1199 തദ്ദേശസ്ഥാപനങ്ങളിലെ 23573 വാർഡുകളിലായി ആകെ 75627 സ്ഥാനാർത്ഥികളാണ് മത്സരിച്ചത്. പത്രികാസമർപ്പണം മുതൽ വോട്ടെണ്ണൽ വരെ നടത്തിയ ചെലവ് കണക്കാണ് നൽകേണ്ടത്.

(എസ്.ഇ.സി 04 / 2026)

---